ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി അൾജീരിയയിൽ എത്തിയ രാഷ്ട്രപതി ദ്രൗപതി മുർമുവിന് ഊഷ്മള സ്വീകരണം.**

**On her three-nation visit, President Droupadi Murmu Receives Warm Welcome in Algeria.**

2) **വികസിത ഭാരതമെന്ന ലക്ഷ്യം അതിവേഗം കൈവരിക്കാൻ പി എം ഗതിശക്തി പദ്ധതി സഹായകരമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

**Prime Minister Narendra Modi says, the PM Gati Shakti project will help in fulfilling the vision of Viksit Bharat.**

3) **യു.എസ്-ഇന്ത്യ തന്ത്രപ്രധാന സഹകരണ ഫോറത്തിൻറെ വാർഷിക ഉച്ചകോടി-ഇന്ത്യ ലീഡർഷിപ്പ് സമ്മിറ്റ്-2024ന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.**

**The US-India Strategic Partnership Forum's annual 'India Leadership Summit 2024' to begin in New Delhi today.**

4) **പുതിയ സർക്കാർ രൂപീകരണത്തിന് വഴിയൊരുക്കി ജമ്മു കശ്മീരിലെ രാഷ്ട്രപതി ഭരണം കേന്ദ്രം പിൻവലിച്ചു.**

**President's rule revoked in J&K, paves way for new government.**

5) **കേരള നിയമസഭ സമ്മേളനം തുടരുന്നു ; വഖഫ് ഭേദഗതി ബിൽ പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ഇന്ന് സഭയിൽ അവതരിപ്പിക്കും.**

**Kerala Assembly session continues; A resolution asking the central government to withdraw the Waqf Amendment Bill will be presented in Assembly today.**

6) **വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയെ 9 റൺസിന് പരാജയപ്പെടുത്തി ഓസ്ട്രേലിയ സെമി ഫൈനൽ ഉറപ്പിച്ചു.**

**In Women's T20 World Cup, Australia defeats India by 9 runs and reaches the semi-final.**

**************************************************

**REV. PREZ – ALGERIA – (INTRO)**

വിദേശ പര്യടനത്തിന്റെ ഭാഗമായി അൾജീരിയയിൽ എത്തിയ രാഷ്ട്രപതി ദ്രൗപതി മുർമുവിന് ഊഷ്മള സ്വീകരണം. പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് അൾജീരിയയുടെ പ്രസിഡൻ്റ് അബ്ദുൽമദ്ജിദ് ടെബൗൺ രാഷ്ട്രപതിയെ സ്വാഗതം ചെയ്തു.

**ആകാശവാണിക്ക് വേണ്ടി രാഷ്ട്രപതിയുടെ മാധ്യമ സംഘത്തിൽ നിന്നും മയൂഷ എ എം.....**

**(VOICE............)**

ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ബുധനാഴ്ച മൗറിറ്റാനിയ സന്ദർശിക്കും. തുടർന്ന് ഈ മാസം 17 മുതൽ 19 വരെയാണ് മലാവി സന്ദർശനം.

**************************************************

## PM GATISHAKTI

പി എം ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാൻ രാജ്യത്ത് നിരവധി പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനു കാരണമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പദ്ധതി മൂന്ന് വർഷം പൂർത്തിയാക്കിയ അവസരത്തിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലുള്ള പ്രധാനമന്ത്രി ഗതിശക്തി അനുഭൂതി കേന്ദ്രം അദ്ദേഹം സന്ദർശിച്ചു. പദ്ധതിയുടെ സവിശേഷതകളും നേട്ടങ്ങളും നാഴികക്കല്ലുകളും കേന്ദ്രത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. വികസിത ഭാരതമെന്ന ലക്ഷ്യം അതിവേഗം കൈവരിക്കാൻ ഗതി ശക്തി പദ്ധതി സഹായകരമാകുമെന്ന് ശ്രീ മോദി പറഞ്ഞു. 2021-ലാണ് പിഎം ഗതിശക്തി ആരംഭിച്ചത്.

**************************************************

## US – INDIA STRATEGIC PARTNERSHIP FORUM

യു എസ് - ഇന്ത്യ തന്ത്രപ്രധാന സഹകരണ ഫോറത്തിൻറെ വാർഷിക ഉച്ചകോടി - ഇന്ത്യ ലീഡർഷിപ്പ് സമ്മിറ്റ് - 2024 ന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. സെമി കണ്ടക്ടർ മേഖലയിലെ നിക്ഷേപം, ഉഭയകക്ഷി വ്യാപാരം, നിർമിതബുദ്ധി, പുതുതലമുറ സാങ്കേതിക വിദ്യകൾ തുടങ്ങിയ ഉച്ചകോടി ചർച്ച ചെയ്യും. പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തിടെ നടത്തിയ യു.എസ് സന്ദർശനത്തിൻറെ തുടർച്ചയായാണ് ഇന്ത്യ ലീഡർഷിപ്പ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രിമാരായ പിയൂഷ് ഗോയൽ, ധർമേന്ദ്ര പ്രധാൻ, ജ്യോതിരാദിത്യ സിന്ധ്യ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

**************************************************

## OM BIRLA - IPU

149 -ാ മത് ഇൻററ്‍ പാർലമെൻറ് യൂണിയൻ അസംബ്ലിക്ക് ജനീവയിൽ തുടക്കം. അസംബ്ലിയിൽ ഇന്ത്യൻ സംഘത്തെ ലോക്സഭാ സ്പീക്കർ ഓം ബിർളയാണ് നയിക്കുന്നത്. ജനീവയിലെ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം ഇന്ന് സംവദിക്കും. മറ്റു രാജ്യങ്ങളിലെ നിയമനിർമ്മാണ സഭാധ്യക്ഷന്മാരുമായും ശ്രീ. ഓം ബിർള കൂടിക്കാഴ്ചകൾ നടത്തും. ഈ മാസം 17 വരെയാണ് യോഗം.

**************************************************

## J K - PREZ RULE

പുതിയ സർക്കാർ രൂപീകരണത്തിന് വഴിയൊരുക്കി ജമ്മു കശ്മീരിലെ രാഷ്ട്രപതി ഭരണം കേന്ദ്രം പിൻവലിച്ചു. ഇത് സംബന്ധിച്ച ഉത്തരവ് സർക്കാർ പുറത്തിറക്കി. നിയമസഭാ തെരെഞ്ഞെടുപ്പിൽ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യം ഭൂരിപക്ഷം നേടിയതിനെ തുടർന്ന് നാഷണൽ കോൺഫറൻസ് വൈസ് പ്രസിഡൻ്റ് ഒമർ അബ്ദുള്ള പുതിയ സർക്കാർ രൂപീകരിക്കാനായി ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹയെ കണ്ടിരുന്നു.

**************************************************

## KERALA ASSEMBLY

വഖഫ് ഭേദഗതി ബിൽ പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഇന്ന് പരിഗണിക്കും. ചട്ടം 118 പ്രകാരമുള്ള സർക്കാർ പ്രമേയം ന്യൂനപക്ഷ ക്ഷേമ മന്ത്രി വി അബ്ദു റഹിമാൻ സഭയിൽ അവതരിപ്പിക്കും. പ്രവാസി കേരളീയ ക്ഷേമ ഭേദഗതി ബിൽ ഉൾപ്പെടെ നാല് ബില്ലുകളിൻമേലുള്ള ചർച്ചകളും ഇന്ന് പൂർത്തിയാവും. പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം നാളെ സമാപിക്കും.

**************************************************

## MIB SECY.-NAGPUR

വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ വിവിധ മാധ്യമ യൂണിറ്റുകൾ വഴി കേന്ദ്ര സർക്കാർ പദ്ധതികൾ സംബന്ധിച്ച വിവരം കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കുന്നുണ്ടെന്ന് മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജു. മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളുടെ പ്രവർത്തനം നാഗ്പൂരിൽ നടന്ന അവലോകന യോഗത്തിൽ അദ്ദേഹം വിലയിരുത്തി. പ്രസ് ഇൻഫർമേഷൻ ബ്യൂറോ, സെൻട്രൽ കമ്മ്യൂണിക്കേഷൻ ബ്യൂറോ, ആകാശവാണി, ദൂരദർശൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

**************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**************************************************

## BABA SIDDIQUI MURDER CASE

ബാബ സിദ്ദിഖി വധക്കേസിലെ രണ്ട് പ്രതികളെ മുംബൈയിലെ അവധിക്കാല കോടതി ഈ മാസം 21 വരെ പോലീസ് കസ്റ്റഡിയിൽ വിട്ടു. പ്രതികളായ ഹരിയാന സ്വദേശി ഗുർമൈൽ സിംഗ്, ഉത്തർപ്രദേശ് സ്വദേശി ധർമരാജ് കശ്യപ് എന്നിവരെ ഇന്നലെയാണ് പോലീസ് പിടികൂടിയത്. കേസിലെ മൂന്നാം പ്രതിയെ തിരിച്ചറിഞ്ഞതായും ഇയാളെ ഉടൻ അറസ്റ്റ് ചെയ്യുമെന്നും മുംബൈ പോലീസ് അറിയിച്ചു.

**************************************************

## IMD - WEATHER

അടുത്ത നാല് ദിവസം തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, ആന്ധ്രാപ്രദേശിൻ്റെ തീരപ്രദേശം എന്നിവിടങ്ങളിൽ അതിശക്തമായ മഴക്ക് സാധ്യതെയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കർണാടകയുടെ തീരപ്രദേശങ്ങളിലും തെക്കൻ ഉൾപ്രദേശങ്ങളിലും ശക്തമായ മഴയുണ്ടാകുമെന്നും കാലാവസ്ഥ വകുപ്പ് പ്രവചിച്ചിട്ടുണ്ട്. ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ സിക്കിം എന്നിവിടങ്ങളിൽ നിന്ന് തെക്കുപടിഞ്ഞാറൻ മൺസൂൺ പിന്മാറിയെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

**************************************************

## RAIN KERALA

കേരളത്തിലും വരും ദിവസങ്ങളിൽ കനത്ത മഴ തുടരുമെന്ന് മുന്നറിയിപ്പ്. ഇന്ന് ആറു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ മാഹി തീരം തെക്കൻ തമിഴ് നാട് തീരം എന്നിവിടങ്ങളിൽ ഉയർന്ന തിരമാലക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

**************************************************

## WOMENS T20 WC CRICKET

വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ ഓസ്ട്രേലിയ 9 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തി. ഇതോടെ ഓസ്ട്രേലിയ സെമി ഫൈനൽ ഉറപ്പിച്ചു. ഇന്ന് രാത്രി 7 30 ന് നടക്കുന്ന ന്യൂസിലാൻഡ് - പാകിസ്ഥാൻ മത്സരത്തിൻറെ അടിസ്ഥാനത്തിലാകും ഇന്ത്യയുടെ സെമി സാധ്യത. മത്സരത്തിൽ പാകിസ്ഥാൻ വിജയിച്ചാൽ ഇന്ത്യ സെമിയിൽ പ്രവേശിക്കും. ഇന്നലെ നടന്ന

മറ്റൊരു മത്സരത്തിൽ 10 വിക്കറ്റിന് ഇംഗ്ലണ്ട് സ്കോട്ട്ലൻഡിനെ പരാജയപ്പെടുത്തി.

*************************************************

## HOCKEY AUCTION

ഹോക്കി ഇന്ത്യ ലീഗ് താര ലേലത്തിൽ ഇന്ത്യൻ ക്യാപ്റ്റൻ ഹർമൻപ്രീത് സിങ് ഏറ്റവും മൂല്യമേറിയ താരമായി. സൂർമാ ഹോക്കി ക്ലബ് 78 ലക്ഷം രൂപയ്ക്കാണ് ഹർമൻപ്രീതിനെ സ്വന്തമാക്കിയത്. രണ്ടാം സ്ഥാനത്ത് എത്തിയ അഭിഷേകിനെ 72 ലക്ഷം രൂപയ്ക്കാണ് ബംഗാൾ ടൈഗേഴ്സ് ക്ലബ് സ്വന്തമാക്കിയത്. ഹാർദിക് സിംഗിനെ 70 ലക്ഷം രൂപയ്ക്ക് യു.പി രുദ്രയും സ്വന്തമാക്കി. ഡിസംബർ 28 -നാണ് ലീഗ് മത്സരങ്ങൾ ആരംഭിക്കുന്നത്.

*************************************************

## SHOOTING

2025ലെ ISSF ജൂനിയർ ലോകകപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കുമെന്ന് ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷൻ പ്രസിഡന്റ് ലൂസിയാനോ റോസി സ്ഥിരീകരിച്ചു. കഴിവുള്ള കായികതാരങ്ങൾക്കൊപ്പം, കായികരംഗത്തെ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള പ്രതിബദ്ധതയിലൂടെ ഇന്ത്യ ഈ രംഗത്തെ പ്രധാന ശക്തിയായി തുടരുന്നതായി അദ്ദേഹം പറഞ്ഞു.

*************************************************

## DR JITENDRA SINGH – BIOECONOMY– (INTRO)

ആഗോളതലത്തിൽ മുൻനിര സാമ്പത്തിക ശക്തിയാകാനുള്ള ശ്രമങ്ങൾ ഇന്ത്യ ഊർജ്ജിതമായി തുടരുകയാണെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്. രാജ്യത്തെ ആദ്യ ബയോപോളിമർ പ്രദർശന സൗകര്യം പൂനെയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(BITE…..…………)

**************************************************

## HEZBOLLAH DRONE ATTACK

ഇസ്രായേലിലെ സൈനിക താവളത്തിന് നേരെയുണ്ടായ ഹിസ്ബുള്ള ഡ്രോൺ ആക്രമണത്തിൽ നാല് ഇസ്രായേലി സൈനികർ കൊല്ലപ്പെടുകയും 58 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വ്യാഴാഴ്ച ലെബനനിൽ 22 പേർ കൊല്ലപ്പെടുകയും 117 പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഇസ്രായേൽ ആക്രമണത്തിനുള്ള മറുപടിയാണിതെന്ന് ഹിസ്ബുള്ള പ്രതികരിച്ചു. കഴിഞ്ഞ വർഷം ഒക്ടോബറിൽ ഇസ്രയേലിൽ ഹമാസ് നടത്തിയ ആക്രമണത്തെ തുടർന്ന് ഗസയിൽ ഉൾപ്പടെ സംഘർഷ സാഹചര്യം രൂക്ഷമാണ്.

**************************************************

## IRAN-US SANCTIONS

ഇസ്രയേലിനെതിരെ ഇറാൻ നടത്തിയ മിസൈൽ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ഇറാനിലെ ഊർജ്ജമേഖലയിൽ യുഎസ് ഏർപ്പെടുത്തിയ ഉപരോധത്തെ അപലപിച്ച് ഇറാൻ വിദേശകാര്യ മന്ത്രാലയം. സ്വയം പ്രതിരോധത്തിനുള്ള അവകാശം വിനിയോഗിക്കുക മാത്രമാണ് ചെയ്തതെന്ന് ഇറാൻ വ്യക്തമാക്കി. ഗസയിലും ലെബനനിലും ഇസ്രയേലിൻ്റെ ആക്രമണങ്ങൾക്ക് യു.എസ് സൈനിക പിന്തുണയുണ്ടെന്നും മേഖലയിലെ സംഘർഷങ്ങളിൽ അമേരിക്ക വലിയ പങ്കു വഹിക്കുന്നുണ്ടെന്നും ഇറാൻ ആരോപിച്ചു. ഒക്ടോബർ 1 ന് ഇസ്രായേലിലെ തന്ത്രപ്രധാന കേന്ദ്രങ്ങളിൽ 180 ഓളം മിസൈലുകളാണ് ഇറാൻ വിക്ഷേപിച്ചത്.

**********************************

**************************************************